## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4504 — 04-02-2014 -ൽ മറുപടിക്ക്

### 2013-14 ൽ തൃശ്ശൂർ ജില്ലയ്ക്ക് അനുവദിച്ച വരൾച്ച ദുരിതാശ്വാസ തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | 2013–14 സാമ്പത്തികവർഷത്തിൽ വരൾച്ച ദുരിതാശ്വാസത്തിനായി തൃശ്ശൂർ ജില്ലയ്ക്ക് എന്തു തുക അനുവദിച്ചു; ഇതിൽ എന്തു തുക ചിലവഴിച്ചു ; | എ) | 2013-2014 സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയ്ക്ക് 10,75,66,842 (പത്ത് കോടി എഴുപത്തിയഞ്ചു ലക്ഷത്തി അറുപത്തി ആറായിരത്തി എണ്ണൂറ്റി നാല്പത്തിരണ്ട് രൂപാ മാത്രം) രൂപ വരൾച്ച-കുടിവെള്ള വിതരണം ശീർഷകത്തിൽ അനുവദിച്ചു. കൂടാതെ വരൾച്ച-കൃഷിനാശം ശീർഷക ത്തിൽ നടപ്പ സാമ്പത്തിക വർഷം 38,68,925 (മുപ്പത്തിയെട്ട് ലക്ഷത്തി അറുപത്തിയെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ച് രൂപാ മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്. അതിൽ വരൾച്ച-കുടിവെള്ള വിതരണത്തിനായി 4,15,64,257 (നാല് കോടി പതിനഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി ഇരുന്നൂറ്റി അമ്പത്തിയേഴ് രൂപാ മാത്രം) രൂപയും വരൾച്ച-കൃഷിനാശത്തിനായി 38,68,925 (മുപ്പത്തിയെട്ട് ലക്ഷത്തി അറുപത്തിയെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ച് രൂപാ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| ബി) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് അടക്കം പലഭാഗങ്ങളിലും വരൾച്ച അനുഭവപ്പെടുന്നത് കണക്കിലെടുത്ത്, അടിയന്തിരമായി വരൾച്ച ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ ; | ബി) | 2014-15 സാമ്പത്തിക വർഷത്തിലെ വരൾച്ച സംബന്ധിച്ച് മുൻകരുതൽ എടുക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 03-01-2014 ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടേയും ജില്ലാ തല ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് വരൾച്ച ലഘൂകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | തലപ്പിള്ളി താലൂക്ക് കടുത്ത വരൾച്ച ബാധിത പ്രദേശമായതിനാൽ, കൂടുതൽ സ്വാശ്രയ കുടി വെള്ള പദ്ധതികൾ ആരംഭി ക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | സി) | തലപ്പിള്ളി താലൂക്കിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ 55 ലക്ഷം രൂപയുള്ളള ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും ഒരു ലക്ഷം രൂപ വീതം 10 ഗ്രാമപഞ്ചായത്തുകൾക്ക് കിണർ റീചാർജി ങ്ങിനുമായി 'മഴപ്പൊലിമ' പദ്ധതിയിൽ പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ